**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 934** **30-06-2022 - ൽ മറുപടിയ്ക്ക്**

**സെക്ഷൻ ഫോറസ്റ്റ് ഓഫീസറുടെ പ്രൊബേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | ശ്രീ. എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട് ഈസ്റ്റേൺ സർക്കിളിന്റെ കീഴിൽ പ്രൊബേഷൻ കാലാവധി കഴിഞ്ഞിട്ടും ആയത് പൂർത്തീകരിച്ചതായി ഡിക്ലയർ ചെയ്യാത്ത സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർ നിലവിലുണ്ടോ; എങ്കിൽ ഇവരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യാതിരിക്കുന്നതിനുള്ള കാരണം വ്യക്തമാക്കാമോ; | (എ) | നിലവിലുണ്ട്. വകുപ്പുതല പരീക്ഷകൾ വിജയിക്കാത്തത് കാരണമാണ് ഇവരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യാത്തത് . |
| (ബി) | ചട്ട പ്രകാരം പ്രൊബേഷൻ കാലാവധി കഴിഞ്ഞിട്ടും പ്രൊബേഷനുള്ള യോഗ്യത നേടിയിട്ടും പ്രസ്തുത ഓഫീസർമാരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനു പകരം ടി ജീവനക്കാരെ റിവേർഷൻ ചെയ്തിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ ; | (ബി) | അത്തരത്തിൽ ജീവനക്കാരെ റിവർട്ട് ചെയ്തിട്ടില്ല . |
| (സി) | പ്രസ്തുത ഓഫീസർമാരുടെ പ്രൊബേഷൻ സംബന്ധിച്ച് വനം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി 03.05.2018 ന് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർദ്ദേശം പാലിക്കാത്തതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; | (സി) | ഉണ്ട് . ടി വിഷയത്തിൽ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. |
| (ഡി) | പ്രസ്തുത ഓഫീസർമാരുടെ പ്രൊബേഷൻ സംബന്ധിച്ച് 03.05.2018 ന് വനം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി നൽകിയ നിർദ്ദേശങ്ങൾ എന്തെല്ലാമാണ്; ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (ഡി) | 3.5.2018 ലെ സർക്കാർ കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

I/3432109/2018

# കേരള സർക്കാർ

നമ്പർ.എഫ്3/112/2018-വനം. വനം വന്യജീവി (എഫ്) വകുപ്പ്

തിരുവനന്തപുരം
തീയതി: 03/05/2018

പ്രിൻസിപ്പൽ സെക്രട്ടറി.

ഭരണവിഭാഗം ഉപമുഖ്യവനപാലകൻ, തിരുവനന്തപുരം.

സർ,

വിഷയം:- വനം വന്യജീവി വകുപ്പ്- സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ശ്രീ.പി.ജെ. ബെൽസിന്റെ പ്രൊബേഷൻ കാലാവധി ദീർഘിപ്പിക്കുന്നത്- സംബ:-

സൂചന:- താങ്കളുടെ 21/4/2018 ലെ ഇ7/14756/18 നം. കത്തും, അനുബന്ധ രേഖകളും.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. KS&SSRs ചട്ടം 19 (b) (i) പ്രകാരം ഒരു പ്രൊബേഷണർ ടിയാന്റെ പ്രൊബേഷൻകാലയളവിനുള്ളിൽ പ്രത്യേക യോഗ്യത നേടുന്നതിലോ, വിശേഷാൽ ചട്ടം വിഷ്കർഷിക്കുന്ന പ്രത്യേക ടെസ്റ്റ് വിജയിക്കുന്നതിലോ പരാജയപ്പെട്ടാൽ, നിയമനാധികാരി, ചട്ടം 21 പ്രകാരം പ്രൊബേഷൻ കാലം ദീർഘിപ്പിച്ചിട്ടില്ലായെങ്കിൽ, ടിയാനെ ഡിസ്ചാർജ്ജ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്. സെക്ഷൻ ഫോറസ്റ്റ് ഓഫീസറായി 04/03/2013ൽ ൽ സ്ഥാനമേറ്റ ശ്രീ.പി.ജെ. ബെൽസിന്റെ സ്വാഭാവിക പ്രൊബേഷൻ 3/3/2014ൽ പൂർത്തിയാക്കി 4/3/2014 പ്രാബല്യത്തിൽ തൃപ്തികരമായി പൂർത്തീകരിച്ചതായി നിയമനാധികാരി പ്രഖ്യാപിക്കേണ്ടതായിരുന്നു. എന്നാൽ ടി കാലയളവിനുള്ളിൽ ടിയാൻ നിർബന്ധിത വകുപ്പ തല പരീക്ഷ പാസ്സാകാത്തതിനാൽ പ്രസ്തുത യോഗ്യത നേടുന്നതിനായി ടിയാന്റെ സ്വഭാവിക പ്രൊബേഷൻ കാലയളവ് തീരുന്ന മുറയ്ക്ക് പ്രൊബേഷൻ കാലയളവ് ചട്ടം 21 പ്രകാരം ഒരു വർത്തേക്ക് ദീർഘിപ്പിച്ചു നൽകുന്നതിന് നിയമനാധികാരി യഥാസമയം നടപടിയെടുക്കേണ്ടതായിരുന്നു. അപ്രകാരം ചെയ്യുന്നതിൽ വീഴ്ച വരുത്തുകയും പിന്നീട് ടിയാൻയോഗ്യത നേടിയതിനുശേഷം ടിയാന്റെ പ്രബേഷൻ ഒരു വർഷത്തേക്ക് ദീർഘിപ്പിക്കുകയും ചെയ്ത നിയമനാധികാരിയുടെ നടപടി ശരിയായതല്ല. ഇതിനു വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ഒരു ജീവനക്കാരന്റെ പ്രൊബേഷൻ അനന്തമായി നീട്ടികൊണ്ടുപോകുവാൻ ചട്ടം അനുവദിക്കുന്നില്ല. ജീവനക്കാരൻ നിശ്ചിത സമയത്തിനുള്ളിൽ പ്രൊബേഷനു വേണ്ട

I/3432109/2018

യോഗ്യത നേടാത്ത പക്ഷം യോഗ്യത നേടുന്നതിനു വേണ്ടി യഥാസമയം നിയമനാധികാരി പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ചു നൽകേണ്ടതാണ്. അപ്രകാരം ദീർഘിപ്പിച്ചു നല്കിയ കാലയളവിനുള്ളിലും യോഗ്യത നേടാത്ത പക്ഷം പ്രൊബേഷൻ അവസാനിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. വർഷങ്ങൾ കഴിഞ്ഞ് ജീവനക്കാർ യോഗ്യത നേടിയതിനുശേഷം പ്രബേഷൻ ദീർഘിപ്പിക്കുന്ന നടപടി ചട്ട വിരുദ്ധമാണ് . കൂടാതെ പ്രൊബേഷൻ സമയബന്ധിതമായി ദീർഘിപ്പിക്കുന്നതിൽ വകുപ്പുതലത്തിൽ ഉണ്ടാകുന്ന വീഴ്ച മുൻപും ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഇങ്ങനെയുള്ള വീഴ്ച ആവർത്തിക്കാതിരിക്കുവാൻ വനം വകുപ്പിലെ എല്ലാ നിയമനാധികാരികൾക്കും കർശന നിർദേശം സർക്കുലർ മുഖേന നൽകി വിവരം സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

വിശ്വസ്തതയോടെ,
NAZARUDEEN A
**അണ്ടർ സെക്രട്ടറി**
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി